# കാതിബിന്റെ കത്തും മുജാഹിദ്-ജമാഅത്ത് ഭിന്നതയും

**ഏതാനും** ആഴ്ച മുമ്പ് ഒരു കത്ത് കിട്ടി. അത് ശൈഖ് അബ്ദുസ്സമദ് അൽ കാതിബ് സ്വന്തം ലെറ്റർഹെഡ്ഡിൽ ഒപ്പിട്ട് അയച്ച കത്തിന്റെ കോപ്പിയായിരുന്നു. കേരളത്തിലെ മുജാഹിദ് നേതാക്കൾക്കും പ്രവർത്തകർക്കും അയച്ചതാണ് പ്രസ്തുത കത്ത്. മുജാഹിദ് പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാവ് മർഹൂം കെ.എം മൗലവിയുടെ മകനും ജീവിച്ചിരിക്കുന്ന പ്രഗത്ഭ മുജാഹിദ് പണ്ഡിതനുമാണ് ശൈഖ് കാതിബ്. മുജാഹിദ് നേതാക്കൾ ആ കത്തിന്റെ ഉള്ളടക്കം ഗൗരവപൂർവം പരിഗണിക്കുകയും അംഗീകരിക്കുകയുമാണെങ്കിൽ കേരള നദ്‌വത്തുൽ മുജാഹിദീനും ജമാഅത്തെ ഇസ്‌ലാമിയും തമ്മിലുള്ള ഭിന്നതക്ക് അറുതിവരുത്താൻ അത് ഏറെ സഹായകമാകും, ജമാഅത്തിനെ എതിർക്കാൻ മുജാഹിദ് സുഹൃത്തുക്കൾ പറഞ്ഞ മുഖ്യ കാരണം പരിഹൃതമാകും.

ഹാകിമിയ്യത്ത്-വിധികർതൃത്വം- അല്ലാഹുവിനു മാത്രമാണെന്നും അത് തൗഹീദിന്റെ ഭാഗമാണെന്നും സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയും ജമാഅത്തെ ഇസ്‌ലാമിയും പറഞ്ഞുവെന്നതാണല്ലോ മുജാഹിദ് സഹോദരങ്ങൾ ഇത്രയും കാലം ഉന്നയിച്ച മുഖ്യ വിമർശനം. രാഷ്ട്രീയം, ഭരണം, കോടതി പോലുള്ളവയുടെ കാര്യത്തിൽ ഉയർന്നുവന്ന എല്ലാ വിവാദങ്ങളുടെയും മർമവും അതാണ്.


കേരള നദ്‌വത്തുൽ മുജാഹിദീൻ സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്ന മർഹൂം കെ.പി മുഹമ്മദ് മൗലവി ജമാഅത്തെ ഇസ്‌ലാമിയെ വിമർശിച്ച് എഴുതിയ *ഇബാദത്തും ഇതാഅത്തും* എന്ന കൃതിയിൽ ഖുർആനിൽ വന്ന 'ഹുക്മ്' എന്ന പദമൊന്നും നിയമനിർമാണത്തെയും വിധികർതൃത്വത്തെയും കുറിക്കാനല്ലെന്നും ഹാകിമിയ്യത്ത് തൗഹീദിൽ പെട്ടതല്ലെന്നും വാദിക്കുകയാണ് ചെയ്യുന്നത്. വിധികർതൃത്വം അല്ലാഹുവിനു മാത്രമാണെന്ന് പറയാൻ പാടില്ലെന്നും സയ്യിദ് മൗദൂദിയും ജമാഅത്തും ഹാകിമിയ്യത്തിനെ തൗഹീദിന്റെ ഭാഗമാക്കി, വിധിക്കധികാരം അല്ലാഹുവിനു മാത്രമാണെന്ന് വാദിച്ചതാണ് അവർക്ക് പറ്റിയ ഏറ്റവും വലിയ അബദ്ധമെന്നും ആരോപിക്കുകയും ചെയ്യുന്നു (പേജ് 90-104).

തുടർന്ന് മുജാഹിദ് എഴുത്തുകാരും പ്രസംഗകരും, ഹാകിമിയ്യത്ത് അല്ലാഹുവിനു മാത്രമാണെന്ന് പറയുന്നത് ഖവാരിജുകളുടെ വാദമാണെന്നും അതിനാൽ ജമാഅത്തുകാർ ഖവാരിജുകളുടെ പിന്മുറക്കാരാണെന്നും നിരന്തരം പ്രചരിപ്പിച്ചു. ഇപ്പോഴും ഇത് തുടരുന്നു. ഹാകിമിയ്യത്ത് തൗഹീദിൽ പെടുകയില്ലെന്നും, വിധികർതൃത്വം അല്ലാഹുവിന് മാത്രമാണെന്ന് പറഞ്ഞതാണ് ജമാഅത്തെ ഇസ്‌ലാമിക്ക് പറ്റിയ ഏറ്റവും വലിയ അബദ്ധമെന്നും സ്ഥാപിക്കാൻ മുജാഹിദ് സഹോദരങ്ങൾ ഉപയോഗിച്ച പേജുകളും സ്റ്റേജുകളും അസംഖ്യമത്രെ. ഈ വിചിത്രവാദം മുജാഹിദുകളുടെ പണ്ഡിത സംഘടനയായ കേരള ജംഇയ്യത്തുൽ ഉലമായുടെ 2001 ജൂൺ നാലിനു ചേർന്ന നിർവാഹകസമിതി ഊന്നിപ്പറയുകയും ചെയ്തു. നിർവാഹകസമിതിയുടെ പ്രസ്തുത തീരുമാനത്തെയാണ് ശൈഖ് അബ്ദുസ്സമദ് അൽ കാതിബ് തന്റെ കത്തിൽ പ്രഥമവും പ്രധാനവുമായി കൈകാര്യം ചെയ്യുന്നത്. അല്ലാഹുവിന്റെ ഹാകിമിയ്യത്തിനെ അംഗീകരിക്കാത്തവൻ വിശ്വാസിയല്ലെന്നുപോലും അബ്ദുസ്സമദ് അൽ കാതിബ് തറപ്പിച്ചു പറയുന്നു.

സ്നേഹം, ഭക്തി പോലുള്ള കാര്യങ്ങളിൽ പ്രവാചകന്റെ ചര്യയിൽനിന്ന് വ്യതിചലിക്കുന്നവൻ തൗഹീദിൽ നിലകൊള്ളുന്നവനായി പരിഗണിക്കപ്പെടുകയില്ല എന്നത് ഖവാരിജുകളുടെ വാദമാണെന്ന ജംഇയ്യത്തുൽ ഉലമായുടെ പ്രസ്താവത്തെയും അബ്ദുസ്സമദ് അൽ കാതിബ് ശക്തിയായി ഖണ്ഡിക്കുന്നു.

തറാവീഹിന്റെ റക്അത്തുകളുടെ എണ്ണത്തിൽ തർക്കിക്കേണ്ടതില്ലെന്നും വ്യത്യസ്തമായ നിലപാടുകളാകാമെന്നുമുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ സമീപനത്തെ 'അഴകൊഴമ്പനെ'ന്നും സുന്നികളെ സോപ്പിടുന്ന അവസരവാദനയമെന്നുമാണ് മുജാഹിദ് സുഹൃത്തുക്കൾ വിമർശിക്കുകയും പരിഹസിക്കുകയും ചെയ്യാറുള്ളത്. ഇക്കാര്യത്തിലും കാതിബ് ജമാഅത്ത് നിലപാടിനെയാണ് ശരിവെക്കുന്നത്. പ്രഗത്ഭ സലഫി പണ്ഡിതന്മാരെല്ലാം അതേ സമീപനം സ്വീകരിച്ചവരായിരുന്നുവെന്ന് അദ്ദേഹം സമർഥിക്കുന്നു.

മാസപ്പിറവിയുടെ കാര്യത്തിലും കേരള ജംഇയ്യത്തുൽ ഉലമായുടെ തീരുമാനത്തെ അദ്ദേഹം ചോദ്യം ചെയ്യുന്നു. ശൈഖ് അബ്ദുസ്സമദ് അൽ കാതിബിന്റെ കത്തിന്റെ പൂർണ രൂപം ഇവിടെ ചേർക്കുന്നു:


ABDUSSAMAD M. M. AL-KATHIB
Rtd. from JAMIA ISLAMIA, MADEENA MUNAWARA
P.O.Box : 1234 MADEENA. SAUDI ARABIA
TEL. : 8369504 - 8380450

عبدالصمد بن محمد بن محي الدين الكاتب
المتقاعد من الجامعة الإسلامية بالمدينة المنورة
المدينة المنورة ـ ص.ب ١٢٣٤ المملكة العربية السعودية
هاتف : ٨٣٨٠٤٥٠ ـ ٨٣٦٩٥٠٤

بسم الله الرحمن الرحيم

Date : 12/9/2001

التاريخ : ٢٤/٦/١٤٢٢هـ

ബഹുമാന്യരായ മുജാഹിദ് നേതാക്കളെ, പ്രവർത്തകരെ,

السلام عليكم ورحمة الله وبركاته

الحمد لله رب العالمين والصلاة والسلام على أشرف الأنبياء والمرسلين محمد وعلى آله وصحبه ومن تبعهم بإحسان إلى يوم الدين.

*അല്ലാഹുവിന് സ്തുതി, മുഹമ്മദ് നബിക്കും അനുചരർക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും അല്ലാഹുവിന്റെ അനുഗ്രഹങ്ങളും സമാധാനവുമുണ്ടാകട്ടെ.*

*2001 ജൂൺ നാലിന് ചേർന്ന കേരള ജംഇയ്യത്തുൽ ഉലമാ നിർവാഹകസമിതി യോഗതീരുമാനങ്ങൾ എന്റെ ദൃഷ്ടിയിൽ പെട്ടു. കേരള നദ്‌വത്തുൽ മുജാഹിദീന്നും പോഷകഘടക*

ങ്ങൾക്കും മതപരമായ കാര്യങ്ങളിൽ ഉപദേശ നിർദേശങ്ങൾ നൽകുന്ന ജംഇയ്യത്തുൽ ഉലമയുടെ തീരുമാനങ്ങൾ എല്ലാ ശാഖകളിലും വായിച്ചുകേൾപ്പിക്കാൻ നിർദേശിക്കപ്പെടുകയും അപ്രകാരം ചെയ്തുവരുന്നതായും എനിക്കറിയാൻ കഴിഞ്ഞു.

മുജാഹിദ് പ്രസ്ഥാനത്തിൽ ഉടലെടുത്ത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള ശ്രമങ്ങളെ അല്ലാഹു അനുഗ്രഹിക്കട്ടെ. നാം ഖുർആന്റെയും നബിചര്യയുടെയും പ്രകാശത്തിലാണ് ഏതു കാര്യത്തെയും വിലയിരുത്തേണ്ടത്. ഖുർആനിനോടും സുന്നത്തിനോടും യോജിക്കുന്ന തീരുമാനങ്ങൾ ശരിയും അല്ലാഹുവിന്റെ തൃപ്തി ലഭിക്കുന്നവയുമായിരിക്കും. അവക്ക് വിരുദ്ധമായവ തെറ്റും അല്ലാഹുവിന്റെ കോപത്തിന് ഇടവരുത്തുന്നവയുമായിരിക്കും. ഖുർആനോടും സുന്നത്തിനോടും അനുരൂപമായ പണ്ഡിത തീരുമാനങ്ങളും വിധികളും നാം സ്വീകരിക്കേണ്ടതാണ്. അവക്ക് വിരുദ്ധമായവയെ നാം തള്ളിക്കളയുകയും ജനങ്ങളെ അതിനെ കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്യേണ്ടതുമാണ്. അതൊരു പ്രബോധകന്റെയും പണ്ഡിതന്റെയും ഒഴിച്ചുകൂടാത്ത ബാധ്യതയാണ്. അതിന് ജനങ്ങൾക്കുള്ള 'നസ്വീഹത്ത്' എന്നു പറയുന്നു.

'നബി(സ) പറഞ്ഞു. മതം എന്നാൽ നസ്വീഹത്താകുന്നു'. ഈ ആദർശത്തെ മുൻനിർത്തിക്കൊണ്ട് കേരള ജംഇയ്യത്തുൽ ഉലമയുടെ തീരുമാനങ്ങളെ സ്വാഗതം ചെയ്യുന്നതോടൊപ്പം അതിൽ കാണാൻ കഴിഞ്ഞ ചില പിഴവുകളെയും ആശയക്കുഴപ്പമുണ്ടാക്കുന്ന പ്രയോഗങ്ങളെയും ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. ജംഇയ്യത്തുൽ ഉലമയുടെ മൂന്നാം തീരുമാനത്തിൽ 'ഹാകിമിയത്ത്' 'വലാഅ്' എന്നിവ തൗഹീദിൽ പരിഗണിക്കേണ്ട കാര്യങ്ങളല്ലെന്ന് പ്രസ്താവിക്കുന്നതായി കാണുന്നു. തൗഹീദിനെ വിഭജിക്കുമ്പോൾ തൗഹീദു റുബൂബിയ്യ, തൗഹീദുൽ ഉലൂഹിയ്യ, തൗഹീദുൽ അസ്മാഅ് വസ്സ്വിഫാത്ത് എന്നിങ്ങനെ മൂന്നായി വിഭജിച്ചാൽ മതിയാവുന്നതാണ്. 'ഹാകിമിയത്തി'നെയും വലാഇനെയും പ്രത്യേക ഇനങ്ങളായി എണ്ണേണ്ട ആവശ്യമില്ല. എന്നാൽ 'ഹാകിമിയത്തും' 'വലാഉം' തൗഹീദുമായി ബന്ധമില്ലാത്ത കാര്യങ്ങളാണെന്ന് പറയാവതല്ല. ജംഇയ്യത്തുൽ ഉലമയുടെ തീരുമാനങ്ങൾ വായിക്കുന്ന ഒരാൾ 'ഹാകിമിയത്തും' 'വലാഉം' തൗഹീദുമായി ഒരു ബന്ധവുമില്ലാത്ത കാര്യങ്ങളാണെന്ന് ധരിക്കാനിടയുണ്ട്. അതിനാൽ അക്കാര്യം കൂടി ജംഇയ്യത്തിന്റെ തീരുമാനത്തിൽ വ്യക്തമാക്കേണ്ടതായിരുന്നു.

അല്ലാഹുവാണ് വിധികർത്താവ്. അവന്റെ വിധിയെ സ്വീകരിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. അല്ലാഹു പറയുന്നു:

"അല്ലാഹുവും അവന്റെ ദൂതനും ഒരു കാര്യത്തിൽ തീരുമാനമെടുത്തുകഴിഞ്ഞാൽ ഒരു സത്യവിശ്വാസിക്കാകട്ടെ, വിശ്വാസിനിക്കാകട്ടെ തങ്ങളുടെ കാര്യത്തിൽ സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല" (വി.ഖു: 33:36).

അല്ലാഹുവിന്റെ ഹാകിമിയ്യത്തിനെ അംഗീകരിക്കാത്തവൻ വിശ്വാസിയല്ലെന്ന് ഇതിൽനിന്ന് വളരെ വ്യക്തമാണ്. അതിനാൽ തൗഹീദിൽ പരിഗണിക്കേണ്ട കാര്യം തന്നെയാണ് ഹാകിമിയ്യത്ത് എന്ന് മനസ്സിലാക്കാവുന്നതാണ്. അഥവാ ഒരു വിശ്വാസിയുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ വിധിവിലക്കുകൾക്ക് വിധേയമാവേണ്ടതാണ്.

തൗഹീദ് എന്തെന്ന് മനസ്സിലാക്കുകയും തദനുസാരം നാം പ്രവർത്തിക്കുകയും റസൂൽ കൊണ്ടുവന്നതിനെ അംഗീകരിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്താൽ മാത്രമേ ഒരാൾ യഥാർഥ മുസ്‌ലിം ആവുകയുള്ളൂ. തൗഹീദിനെയും അതിന്റെ വക്താക്കളെയും അവൻ സ്നേഹിക്കുകയും തന്റെ മിത്രങ്ങളായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇതിനാണ് വലാഅ് എന്ന് പറയുന്നത്. പരിശുദ്ധ ഖുർആനും നബിചര്യയും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ ഹാകിമിയ്യത്തും വലാഉം തൗഹീദിന്റെ അനിവാര്യഗുണങ്ങൾ (   ) ആണ്. അത് ഇഖ്‌വാനികളുടെയും ജമാഅത്തുകാരുടെയും ആദർശമല്ല. ഖുർആനും നബിചര്യയും പഠിപ്പിക്കുന്ന ആദർശമാണ്. അഥവാ അഹ്‌ലുസ്സുന്നത്തി വൽ ജമാഅയുടെ ആശയമാണ്.

2. ജംഇയ്യത്തുൽ ഉലമയുടെ ഏഴാം തീരുമാനത്തിൽ സ്നേഹം, ഭക്തി പോലുള്ള കാര്യങ്ങളിൽ പ്രവാചകന്റെ ചര്യയിൽനിന്ന് വ്യതിചലിക്കുന്നവൻ തൗഹീദിൽ നിലകൊള്ളുന്നവനായി പരിഗണിക്കപ്പെടുകയില്ല എന്നത് ഖവാരിജുകളുടെ വാദമാണെന്ന് പ്രസ്താവിച്ചു കാണുന്നു. ഈ പ്രസ്താവന ശരിയല്ല.

ഭക്തിയിലും സ്നേഹത്തിലും പ്രവാചകന്റെ ചര്യയെ പിന്തുടരാത്തവൻ വിശ്വാസിയല്ല. അവൻ സത്യനിഷേധിയാണ്. അയാൾ ശിർക്കിനെയും അതിന്റെ വക്താക്കളെയും സ്നേഹിക്കുന്നു. എന്നാൽ നബി(സ)യുടെ മാതൃക പിൻപറ്റിയവൻ അപ്രകാരം ചെയ്യില്ല. സ്നേഹം തൗഹീദുമായി ബന്ധപ്പെട്ട സവിശേഷതയാണ്. ഒരു വിശ്വാസിയുടെ സ്നേഹം അല്ലാഹുവിനെയും അല്ലാഹുവിലും ആയിരിക്കണം. അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടിയല്ലാതെ അവൻ മറ്റൊരാളെ സ്നേഹിക്കരുത്. ഖുർആൻ പറയുന്നു.

"അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്തു നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നത് നീ കണ്ടെത്തുകയില്ല. അവർ തങ്ങളുടെ പിതാക്കളോ പുത്രന്മാരോ സഹോദരന്മാരോ ബന്ധുക്കളോ ആയിരുന്നാൽ പോലും" (വി. ഖു: 58:22).

അതെ നമ്മുടെ സ്നേഹം അല്ലാഹുവിനെയും അല്ലാഹുവിനു വേണ്ടിയും ആയിരിക്കണം. അതാണ് നബിചര്യ. അതിൽനിന്ന് വ്യതിചലിക്കുന്നവന്റെ ഈമാൻ സംശയാസ്പദമാണ്.

ഭക്തിയുടെ കാര്യവും ഇതുപോലെ തന്നെയാണ്. 'തഖ്‌വ'യാണ് ഭക്തി കൊണ്ടുദ്ദേശിക്കപ്പെടുന്നത്. അതിന്റെ പ്രാധാന്യം അനേകം ആയത്തുകളിലും ഹദീസുകളിലും ആവർത്തിച്ചാവർത്തിച്ച് വ്യക്തമാക്കിയതാണ്. ലോകത്ത് വന്ന എല്ലാ നബിമാരും തങ്ങളുടെ ജനങ്ങളോട് തഖ്‌വയുള്ളവരാവാൻ ഉപദേശിച്ചിരുന്നു. ഖുർആൻ നമ്മോടും മരണം വരെ തഖ്‌വയുള്ളവരായി ജീവിക്കാൻ ആഹ്വാനം ചെയ്യുന്നു.

"സത്യവിശ്വാസികളെ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കേണ്ടുന്ന മുറപ്രകാരം അവനെ സൂക്ഷിക്കുവിൻ. നിങ്ങൾ മുസ്‌ലിമുകൾ ആയിക്കൊണ്ടല്ലാതെ മരണമടയരുത്" (വി.ഖു: 3:102).

"നിങ്ങളുടെ റബ്ബിങ്കൽനിന്നുള്ള പാപമോചനത്തിലേക്കും ആകാശഭൂമികളോളം വിശാലമായ സ്വർഗത്തിലേക്കും നിങ്ങൾ ധൃതികൂട്ടി വരുവിൻ. ഭയഭക്തന്മാർക്കു വേണ്ടി അത് സജ്ജമാക്കപ്പെട്ടിരിക്കുന്നു" (വി.ഖു: 3:133).

സ്വർഗം നേടലാണ് ഒരു വിശ്വാസിയുടെ ലക്ഷ്യം. അതിന് ഭയഭക്തി (തഖ്‌വ) അനിവാര്യമാണ്. അതിനാലാണ് അല്ലാഹുവിനെ ഇബാദത്ത് ചെയ്യാൻ കൽപിച്ചപ്പോൾ 'നിങ്ങൾ തഖ്‌വയുള്ളവരായേക്കാം' എന്ന് ഖുർആൻ പ്രസ്താവിച്ചത്.

"മനുഷ്യരെ നിങ്ങളെയും നിങ്ങളുടെ മുമ്പുള്ളവരെയും സൃഷ്ടിച്ചവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ തഖ്‌വയുള്ളവരായേക്കാം" (വി.ഖു: 2:21).

ആയതിനാൽ ഭക്തിയിൽ നാം നബി(സ)യുടെ മാതൃകയിൽ നിലകൊള്ളുകതന്നെ വേണം. അതിൽനിന്ന് വ്യതിചലിക്കുന്നവർ വിജയിയാവില്ല. സ്വർഗാവകാശിയുമാവുകയില്ല. തീർച്ച.

3. തറാവീഹ് നമസ്കാരവും ജംഇയ്യത്തുൽ ഉലമയുടെ

തീരുമാനവും.

തറാവീഹ് നമസ്കാരത്തിൽ റക്അത്തുകളുടെ എണ്ണത്തെക്കുറിച്ചുള്ള തർക്കവിതർക്കങ്ങളും വിവാദങ്ങളും അപ്രസക്തമാണ്. തറാവീഹ് നമസ്കാരം ഏറ്റവും ശ്രേഷ്ഠകരമായ സുന്നത്ത് നമസ്കാരമാണ്. അതിന്റെ റക്അത്ത് ഇത്രയേ ആകാവൂ എന്ന് നബി(സ) കണിശമായി പറഞ്ഞിട്ടില്ല. അതിനെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ നബി(സ) പറഞ്ഞത് ബുഖാരിയും മുസ്‌ലിമും പോലുള്ള ഹദീസ് ഗ്രന്ഥങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഇപ്രകാരമാണ്.

“രാത്രിനമസ്കാരം ഈരണ്ട് റക്അത്തുകൾ വീതമാണ്. നിങ്ങളിലൊരാൾ സുബ്ഹിയാകുമോ എന്ന് ഭയപ്പെടുമ്പോൾ ഒരു റക്അത്ത് നമസ്കരിക്കുക. അപ്പോഴവൻ നമസ്കരിച്ചത് ഒറ്റയാക്കപ്പെടുന്നതാണ്” (ബുഖാരി, മുസ്‌ലിം).

‘ഒരാൾ തനിക്ക് നമസ്കരിക്കാൻ ഉത്സാഹമുള്ളത്ര നമസ്കരിക്കട്ടെ’ എന്ന് മറ്റൊരു നിവേദനത്തിലും കാണാവുന്നതാണ്.

രാത്രിനമസ്കാരത്തെക്കുറിച്ചുള്ള നബി(സ)യുടെ പ്രസ്താവനയിൽനിന്ന് അതിന്റെ റക്അത്തുകൾക്ക് കണിശമായ എണ്ണങ്ങളില്ലെന്ന് മനസ്സിലാക്കാവുന്നതാണ്. അവസാനം ഒറ്റയാകണമെന്നേ നബി(സ) നിഷ്കർഷിച്ചിട്ടുള്ളൂ. റക്അത്തുകളുടെ എണ്ണം കണക്കാക്കിയ ഒരു പ്രസ്താവനയും നബി(സ)യിൽനിന്ന് വന്നിട്ടില്ല.

രാത്രിയിൽ നബി(സ) ദീർഘനേരം നമസ്കരിച്ചിരുന്നു. ഓരോ റക്അത്തുകളും വളരെ ദീർഘമായിരുന്നു ചിലപ്പോൾ ഒരു റക്അത്തിൽതന്നെ അഞ്ചര ജുസ്ഓളം നബി(സ) പാരായണം ചെയ്യാറുണ്ടായിരുന്നു. അതിനാലാണ് അദ്ദേഹത്തിന്റെ നമസ്കാരം പതിനൊന്നിൽ കൂടാറുണ്ടായിരുന്നില്ല എന്ന് ആഇശ(റ) പ്രസ്താവിച്ചത്. ചിലപ്പോൾ ഒമ്പതും ഏഴുമൊക്കെ ആകാറുണ്ടായിരുന്നുവെന്നും ഹദീസുകളിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. അതിനാൽ ഖുർആൻ ദീർഘിപ്പിച്ച് പാരായണം ചെയ്യുന്നവർ പതിനൊന്നോ അതിൽ കുറവോ നമസ്കരിച്ചുകൊള്ളട്ടെ. അവരുടെ പ്രതിഫലത്തിൽ കുറവൊന്നും വരില്ല. കൂടുതൽ സമയം ഖുർആൻ പാരായണം ചെയ്ത് നമസ്കരിക്കാൻ കഴിയാത്തവർ റക്അത്തുകളുടെ എണ്ണം വർധിപ്പിച്ചും പ്രതിഫലം നേടിയെടുക്കാൻ ശ്രമിക്കട്ടെ. ഇമാം അബൂഹനീഫ, ഇമാം ശാഫി, ഇമാം മാലിക്, ഇമാം അഹ്മദ്, ശൈഖുൽ ഇസ്‌ലാം ഇബ്നുതീമിയ്യ, ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് തുടങ്ങിയ പൂർവികരായ അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിലെ പണ്ഡിതരും ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ്, ശൈഖ് മുഹമ്മദ് ബിൻ സ്വാലിഹ് ഉഥൈമീൻ തുടങ്ങിയ ആധുനിക പണ്ഡിതരും (അല്ലാഹു അവരെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ) പതിനൊന്നിൽ കൂടുതൽ നമസ്കരിക്കാമെന്ന് പ്രസ്താവിച്ചവരാണ്. ചുരുക്കിപ്പറഞ്ഞാൽ ഈ വിഷയത്തിൽ തർക്കിക്കുകയും അതിന്റെ പേരിൽ ആദർശവ്യതിയാനാരോപണം നടത്തുകയും ചെയ്യുന്നത് നീതീകരിക്കാനാവില്ല.


4. ജംഇയ്യത്തുൽ ഉലമയുടെ പത്താം തീരുമാനത്തിൽ ഗോളശാസ്ത്രത്തിന്റെ ഖണ്ഡിതമായ കണക്കിന് വിരുദ്ധമാവാത്ത കാഴ്ചയെ മാത്രമേ മാസപ്പിറവിയുടെ കാര്യത്തിൽ സ്വീകരിക്കാവൂ എന്ന് കാണുന്നു. തദടിസ്ഥാനത്തിൽ നോമ്പും പെരുന്നാളും ആചരിക്കാത്തവർ ആദർശത്തിൽനിന്ന് വ്യതിചലിക്കുന്നവരാണെന്ന് ആരോപിക്കുകയും ചെയ്യുന്നു.

നബി(സ)യിൽനിന്ന് സ്ഥിരപ്പെട്ട ഹദീസുകൾക്കും മുസ്‌ലിം ലോകത്തിന്റെ നിലപാടുകൾക്കും വിരുദ്ധമാണ് ജംഇയ്യത്തിന്റെ തീരുമാനമെന്നതിൽ സന്ദേഹമില്ല. ‘നിങ്ങൾ മാസം കണ്ടാൽ നോമ്പനുഷ്ഠിക്കുക, മാസം കണ്ടാൽ നോമ്പവസാനിപ്പിക്കുക’ (ബുഖാരി) എന്ന് നബി(സ) പ്രഖ്യാപിച്ചു.

ഗോളശാസ്ത്രജ്ഞരുടെ തീരുമാനത്തിന് എതിരായാലും അല്ലെങ്കിലും മാസപ്പിറവി കണ്ടാൽ അത് അംഗീകരിക്കണമെന്നാണ് നബി(സ) പഠിപ്പിക്കുന്നത്. മാസപ്പിറവി ഉറപ്പിക്കുന്നതിന് ഗോളശാസ്ത്രജ്ഞരോട് അന്വേഷിക്കാൻ നബി(സ) ആജ്ഞാപിച്ചിട്ടില്ല. സൗദി അറേബ്യയിൽ നോമ്പും പെരുന്നാളും മാത്രമല്ല അറഫാ ദിനവും ഹജ്ജ് ദിവസങ്ങളുമെല്ലാം തീരുമാനിക്കുന്നത് ദൃഷ്ടിയെ മാത്രം ആശ്രയിച്ചുകൊണ്ടാണ്. ഗോളശാസ്ത്രം പരിഗണിക്കാറേയില്ല. മുസ്‌ലിം ലോകത്തുനിന്ന് വരുന്ന ഹാജിമാരാരും അത് നിരാകരിക്കാറുമില്ല എന്നത് കൂടി ഓർക്കുക.

ജംഇയ്യത്തുൽ ഉലമാ നിർവാഹകസമിതിയുടെ തീരുമാനങ്ങളിൽ ഖുർആനോടും നബിചര്യയോടും വിയോജിക്കുന്നതായി എനിക്ക് ബോധ്യപ്പെട്ട കാര്യങ്ങളാണ് ഇവിടെ പ്രസ്താവിച്ചത്. ജംഇയ്യത്തുൽ ഉലമ അതിന്റെ തീരുമാനം പുനഃപരിശോധിക്കുകയും സത്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യണമെന്ന് പ്രത്യാശിക്കുന്നു. ദുർവാശികളും തർക്കവിതർക്കങ്ങളും ഉപകരിക്കാത്ത ഒരു നാളിൽ വിജയികളാവാൻ പരിശ്രമിക്കുക. അന്ന് പരാജിതരും നിന്ദ്യരുമാകുന്നവരായിരിക്കും നഷ്ടക്കാർ എന്ന് ഓർക്കുക. അല്ലാഹു നമ്മെയെല്ലാം നേർമാർഗത്തിലേക്ക് നയിക്കട്ടെ.

അസ്സലാമു അലൈകും



അബ്ദുസ്സമദ് ബിൻ മുഹമ്മദ് അൽ-കാത്തിബ്

‘തൗഹീദ് അറിയാത്തതും അതിൽ പിഴച്ചതും’ ആർക്കാണെന്നും കർമശാസ്ത്ര വിഷയങ്ങളിൽ ആരുടെ സമീപനമാണ് ശരിയെന്നും മനസ്സിലാക്കാൻ ശൈഖ് കാതിബിന്റെ കത്ത് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. ■